**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പത്തനാപുരം മൗണ്ട് താബോർ ഗേൾസ് ഹൈസ്കൂളിലെ (റിട്ട.)എച്ച്.എസ്.എ. ശ്രീമതി മേരി മാതൃുവിന്റെ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1985/2025/GEDN തീയതി,തിരുവനന്തപുരം, 12-03-2025**

---

പരാമർശം:- 1. ശ്രീമതി മേരി മാതൃുവിന്റെ 12.12.2022-ലെ ഹർജി

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.07.2023-ലെ പി.എ4/4040/2023/ഡി.ജി.ഇ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പത്തനാപുരം മൗണ്ട് താബോർ ഗേൾസ് ഹൈസ്കൂളിലെ (റിട്ട.)എച്ച്.എസ്.എ. ശ്രീമതി മേരി മാതൃു ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങൾ പുനർനിർണയിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം ഹർജി സമർപ്പിച്ചിരുന്നു. 20.06.1991-ൽ പത്തനാപുരം മൗണ്ട് താബോർ ഗേൾസ് ഹൈസ്കൂളിൽ യു.പി.എസ്.എ. തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ഹർജിക്കാരിയെ 27.09.1999 - 13.03.2000, 05.06.2000 - 31.10.2003 കാലയളവുകളിൽ സ്കൂളിലെ എച്ച്.എസ്.എ. തസ്തികകളിലുണ്ടായ അവധി ഒഴിവുകളിൽ കെ.ഇ.ആർ. അദ്ധ്യായം XIVA ചട്ടം 43 പ്രകാരം സ്ഥാനക്കയറ്റം നല്കി നിയമിച്ചു. എന്നാൽ പ്രസ്തുത കാലഘട്ടം ഒഴിവാക്കിയാണ് അക്കൗണ്ടന്റ് ജനറൽ ടിയാൾക്ക് പെൻഷൻ അനുവദിച്ചത്. 30 വർഷത്തെ യോഗ്യ സേവനകാലം കണക്കിലെടുക്കേണ്ടതിനു പകരം 26 വർഷത്തെ യോഗ്യ സേവനകാലം മാത്രമാണ് അക്കൗണ്ടന്റ് ജനറൽ കണക്കാക്കിയത്. അതിനാൽ ടിയാളുടെ യഥാർത്ഥ സേവനകാലം കണക്കിലെടുത്ത് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കണമെന്നതാണ് ടിയാളുടെ ആവശ്യം.

**2) പൊതുവിദ്യാഭ്യാസ ഡയറക്ടർ താഴെപ്പറയും പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു:**

"20.06.1991-ൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി മേരി മാതൃുവിന്റെ സൂപ്പർ ആന്വേഷൻ തീയതിയായ 31.08.2021 വരെ ആകെ 30 വർഷത്തെ യോഗ്യ സേവനകാലയളവ് കണക്കാക്കി പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചാണ് കൊല്ലം

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അക്കൗണ്ടന്റ് ജനറലിന് അപേക്ഷ നല്കിയത്. എന്നാൽ 27.09.1999 - 13.03.2000, 05.06.2000 - 31.10.2003 എന്നീ കാലയളവിൽ അവധി ഒഴിവിൽ എച്ച്.എസ്.ടി. ആയി ജോലി ചെയ്ത കാലയളവ് ഒഴിവാക്കിയാണ് എ.ജി. പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചത്.

നിലവിൽ റഗുലർ സർവീസിൽ പ്രവേശിക്കുന്നവർ പ്രൊമോഷൻ തസ്തികയിൽ ലീവ് വേക്കൻസി വരുമ്പോൾ ടി വേക്കൻസിയിൽ പ്രവേശിച്ച് സേവനത്തിൽ തുടരുകയും ലീവ് വേക്കൻസി അവസാനിക്കുന്ന മുറയ്ക്ക് പഴയ തസ്തികയിൽ പ്രവേശിക്കുകയും ചെയ്യാറുണ്ട്. ഇത്തരത്തിൽ റഗുലർ സർവീസിനിടയിൽ വരുന്ന ലീവ് വേക്കൻസി സർവീസ് കുറവ് ചെയ്ത് കൊണ്ടാണ് നിലവിൽ എ.ജി.യിൽ നിന്ന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് വരുന്നത്. 28.10.2019-ലെ GO(MS)No.401/2019/Fin പ്രകാരം 01.08.2018-ന് ശേഷം വിരമിക്കുന്നവരുടെ റഗുലർ സർവ്വീസിന് മുൻപുള്ള ലീവ് വേക്കൻസിയിലുള്ള ബ്രോക്കൺ സർവീസ് പെൻഷന് പരിഗണിക്കേണ്ടതില്ലായെന്ന ഉത്തരവ് നിലവിലുണ്ട്. എന്നാൽ മേൽ വിഷയത്തിൽ റഗുലർ സർവീസിനിടയിൽ വരുന്ന ലീവ് വേക്കൻസി സർവ്വീസാണ് എ.ജി.യിൽ നിന്ന് കുറവ് ചെയ്ത് വന്നത്. "

3) 20.06.1991-ൽ യു.പി.എസ്.എ. തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് അംഗീകാരത്തോടെ തുടർന്നു വരുമ്പോഴാണ് ശ്രീമതി മേരി മാത്യുവിനെ അതേ സ്കൂളിൽതന്നെ എച്ച്.എസ്.എ. തസ്തികകളിൽ ഉണ്ടായ അവധി ഒഴിവുകളിൽ നിയമിച്ചിരിക്കുന്നത്. പ്രസ്തുത കാലയളവാണ് യോഗ്യ സേവനകാലത്തിൽ ഉൾപ്പെടുത്താതെ പോയത്.

4) 17/06/2023-ലെ 58/2023/ധന നമ്പർ സർക്കുലർ ഖണ്ഡിക 1 പ്രകാരം റെഗുലർ തസ്തികയിൽ നിയമിതരാകുന്ന എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് നൽകുന്ന താൽക്കാലിക ഒഴിവിലെ സ്ഥാനക്കയറ്റം പെൻഷനു യോഗ്യസേവനമായി കണക്കാക്കേണ്ടതില്ല എന്നും ടി കാലയളവ് സേവനഭംഗമായി മാത്രം കണക്കാക്കേണ്ടതാണ് എന്നും സ്പഷ്ടീകരണം പുറപ്പെടുവിച്ചിരുന്നു. എന്നാൽ റെഗുലർ തസ്തികയിൽ നിയമിതരാകുന്ന എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് ഒരു താൽക്കാലിക ഒഴിവിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചാലും അവരുടെ ലീൻ ഒരു റെഗുലർ തസ്തികയിൽ നിലനിൽക്കുന്നതിനാൽ സർക്കുലർ നം.37/2024/ധന പ്രകാരം മേൽ ഖണ്ഡിക റദ്ദാക്കിയിട്ടുണ്ട്.

**5)** മേൽ സാഹചര്യത്തിൽ, റഗുലർ സർവീസിനിടയിൽ ശ്രീമതി മേരി മാത്യുവിന് എച്ച്.എസ്.എ. തസ്തികകളിലുണ്ടായ അവധി ഒഴിവുകളിൽ കെ.ഇ.ആർ. അദ്ധ്യായം XIV A ചട്ടം 43 പ്രകാരം സ്ഥാനക്കയറ്റം നല്കി നിയമിച്ച 27.09.1999 - 13.03.2000, 05.06.2000 - 31.10.2003 കാലയളവുകൾ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് യോഗ്യ സേവനകാലയളവായി പരിഗണിച്ച് പുതുക്കിയ പെൻഷൻ പ്രൊപ്പോസൽ അക്കൗണ്ടന്റ് ജനറൽ മുമ്പാകെ സമർപ്പിക്കുന്നതിന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നല്കി, പത്തനാപുരം മൗണ്ട് താബോർ ഗേൾസ് ഹൈസ്കൂളിലെ (റിട്ട) എച്ച്.എസ്.എ. ശ്രീമതി മേരി മാത്യുവിന്റെ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ശ്രീമതി മേരി മാത്യു, III വാർഡ് നമ്പർ 7, മാന്തറേത്ത് പുത്തൻവീട്,
പാറക്കര പി.ഒ., തട്ടയിൽ, പത്തനംതിട്ട

മാനേജർ, മൗണ്ട് താബോർ ഗേൾസ് എച്ച്.എസ്., പത്തനാപുരം

ധനകാര്യ (എഡ്യൂ-എ) വകുപ്പ് (18/12/2024-ലെ E:2922524/EDN-A3/329/2024-FIN പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (B2/62/2023/GEdn)

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 12-03-2025 14:37:09
സെക്ഷൻ ഓഫീസർ